കര്മ്മത്തിന്റെ ഗുഹ്യഗതിയെ മനസ്സിലാക്കു

ഇന്ന് സര്വ്വ ഖജനാക്കള് നല്കുന്ന ബാബ സര്വ്വ കുട്ടികളുടെയും സമ്പാദ്യത്തിന്റെ കണക്ക് നോക്കി കൊണ്ടിരിക്കുകയായിരുന്നു. സര്വ്വ കുട്ടികള്ക്കും അളവറ്റ ഖജനാക്കള് ലഭിച്ചു, സര്വ്വര്ക്കും ഒരേപോലെ ഒന്നിലൂടെ തന്നെ സര്വ്വ ഖജനാക്കളും ലഭിച്ചു. ഒരു ഖജനാവല്ല എന്നാല് അനേക ഖജനാക്കള് പ്രാപ്തമായി. എന്നാലും സമ്പാദ്യത്തിന്റെ കണക്ക് ഓരോരുത്തരുടെയും വ്യത്യസ്ഥമാണ്. ചിലര് സര്വ്വ ഖജനാക്കളും നല്ല രീതിയില് സമ്പാദിച്ചു, ചിലര് യഥാ ശക്തിക്കനുസരിച്ചും. എത്രത്തോളം സമ്പാദിച്ചുവൊ അത്രത്തോളം മുഖത്തിലും ചലനത്തിലും ആ ആത്മീയ തിളക്കം കാണപ്പെടുന്നു, സമ്പാദ്യത്തിന്റെ ആത്മീയ ലഹരി അനുഭവപ്പെടുന്നു. ആത്മീയ ലഹരിയുടെ ആദ്യ ലക്ഷണമാണ്- എത്രത്തോളം ലഹരിയുണ്ടോ അത്രത്തോളം നിശ്ചിന്ത ചക്രവര്ത്തിയുടെ തിളക്കം അവരുടെ ഓരോ കര്മ്മത്തിലും കാണപ്പെടുന്നു കാരണം ആത്മീയ ലഹരിയുള്ളയിടത്ത് യാതൊരു വിധത്തിലുള്ള ചിന്തയും ഉണ്ടായിരിക്കില്ല. ഈ ലഹരിയും ചിന്തയും രണ്ടും ഒരേ സമയത്ത്, ഒരുമിച്ച് ഉണ്ടാകില്ല. ഏതുപോലെയാണോ പ്രകാശത്തിനും അന്ധകാരത്തിനും ഒരുമിച്ചിരിക്കാന് സാധിക്കാത്തത്.

നിശ്ചിന്ത ചക്രവര്ത്തിയുടെ ലക്ഷണമാണ്- അവര് സദാ പ്രശ്നചിത്തരാകുന്നതിന് പകരം പ്രസന്നചിത്തരായിരിക്കും. ഓരോ കര്മ്മത്തിലും സ്വയത്തിന്റെ സംബന്ധത്തില് അഥവാ സര്വ്വരുടെയും സംബന്ധത്തില് അഥവാ പ്രകൃതിയുടെയും സംബന്ധത്തില് ഏതൊരു സമയത്തും, ഏതൊരു കാര്യത്തിലും സങ്കല്പത്തില് പോലും ചോദ്യ ചിഹ്നമുണ്ടാകില്ല- ഇതെന്ത് കൊണ്ട് ഇങ്ങനെ അഥവാ ഇങ്ങനെ എന്ത് കൊണ്ട് സംഭവിച്ചു കൊണ്ടിരിക്കുന്നു, ഇങ്ങനെയും സംഭവിക്കുമോ? പ്രസന്നചിത്തരായ ആത്മാക്കളുടെ സങ്കല്പത്തില് ഓരോ കര്മ്മം ചെയ്യുമ്പോഴും, കാണുമ്പോഴും, കേള്ക്കുമ്പോഴും, ചിന്തിക്കുമ്പോഴും ഇത് തന്നെയായിരിക്കും- എന്താണോ സംഭവിച്ചു കൊണ്ടിരിക്കുന്നത് അത് എനിക്ക് നല്ലതിനാണ്, സദാ നല്ലത് തന്നെ സംഭവിക്കണം. പ്രശ്നചിത്തരായ ആത്മാക്കള് എന്ത്, എന്ത് കൊണ്ട്, ഇങ്ങനെ, അങ്ങനെ- ഈ ആശയക്കുഴപ്പത്തില് സ്വയത്തെ നിശ്ചിന്തത്തില് നിന്നും ചിന്തയിലേക്ക് കൊണ്ടു വരുന്നു. നിശ്ചിന്തമായ ആത്മാവ് മോശമായതിനെ പോലും നല്ലതിലേക്ക് പരിവര്ത്തനപ്പെടുത്തുന്നു, അതിനാല് അവര് സദാ പ്രസന്നമായിരിക്കുന്നു.

ഇന്നത്തെ കാലത്ത് സയന്സിന്റെ സാധനങ്ങളിലൂടെ, വേസ്റ്റായ വസ്തുക്കളെ പരിവര്ത്തനപ്പെടുത്തി നല്ല വസ്തുക്കളാക്കി മാറ്റുന്നു. അതിനാല് പ്രസന്നചിത്തരായ ആത്മാവ് സയലന്സിന്റെ ശക്തിയിലൂടെ മോശമായ കാര്യമാകട്ടെ, മോശമായ സംബന്ധം അനുഭവപ്പെടട്ടെ, എന്നാല് ആ മോശമായതിനെ നല്ലതിലേക്ക് പരിവര്ത്തനപ്പെടുത്തി സ്വയവും ധാരണ ചെയ്യും, മറ്റുള്ളവര്ക്കും തന്റെ ശുഭ ഭാവനയുടെ ശ്രേഷ്ഠ സങ്കല്പത്തിലൂടെ മോശമായതിനെ പരിവര്ത്തനപ്പെടുത്തി നല്ലതിനെ ധാരണ ചെയ്യുന്നതിനുള്ള ശക്തി നല്കും! ചില കുട്ടികള് ചിന്തിക്കുന്നു, പറയുന്നു- മോശമായ അല്ലെങ്കില് തെറ്റായ കാര്യമാണ്, അപ്പോള് തെറ്റിനെ തെറ്റെന്ന് തന്നെ പറയണ്ടേ! അഥവാ തെറ്റിനെ തെറ്റാണെന്ന് തന്നെ മനസ്സിലാക്കണ്ടേ! പക്ഷെ തെറ്റിനെ തെറ്റാണെന്ന് മനസ്സിലാക്കുക-ഇത് മനസ്സിലാക്കുന്നതിന്റെ കണക്കനുസരിച്ച് മനസ്സിലാക്കി. അത് തെറ്റും ശരിയുമാണെന്ന് മനസ്സിലാക്കുക, അറിയുക എന്നത് വേറെ കാര്യമാണ് എന്നാല് നോളേജ്ഫുള് രൂപത്തിലൂടെ അറിയുന്നവര് മനസ്സിലാക്കിയതിന് ശേഷം സ്വയത്തില് ഏതൊരാത്മാവിന്റെയും ബലഹീനതയെ ബലഹീനതയുടെ രൂപത്തില് തന്റെ ബുദ്ധിയില് ധാരണ ചെയ്യില്ല. അതിനാല് മനസ്സിലാക്കുക എന്നുള്ളത് വേറെയാണ്, മനസ്സിലാക്കുന്നത് വരെ ശരിയാണ്. എന്നാല് സ്വയത്തില് അഥവാ തന്റെ മനസ്സില്, തന്റെ ബുദ്ധിയില്, മനോഭാവനയില്, തന്റെ വാക്കുകളില് മറ്റുള്ളവരുടെ കുറവുകളെ കുറവുകളുടെ രൂപത്തില് ധാരണ ചെയ്യരുത്, ഉള്ക്കൊള്ളാന് പാടില്ല. അതിനാല് മനസ്സിലാക്കുകയും ധാരണ ചെയ്യുകയും തമ്മില് വ്യത്യാസമുണ്ട്.

സ്വയത്തെ രക്ഷിക്കുന്നതിന് വേണ്ടി പറയുന്നു- ഇത് തെറ്റ് തന്നെയാണ്, തെറ്റിനെ തെറ്റെന്ന് തന്നെ പറയേണ്ടി വരില്ലേ! എന്നാല് വിവേകശാലികളുടെ കര്ത്തവ്യമെന്താണ്? ഇന്നത് തെറ്റാണ് എന്ന മനസ്സിലാക്കി കഴിഞ്ഞാല് വിവേകശാലികള് ആ തെറ്റിനെ തന്റെ പക്കല് ശേഖരിച്ചു വയ്ക്കുമോ? തന്റെയടുക്കല് നല്ല രീതിയില് സൂക്ഷിച്ച്

വയ്ക്കുമോ? കളയില്ലേ. അതോ സൂക്ഷിച്ച് വയ്ക്കുന്നതാണോ സാമര്ത്ഥ്യം? ഇത് സാമര്ത്ഥ്യമാണോ? ഇനിയും ചിന്തിക്കൂ- മോശമായ കാര്യം അഥവാ മോശമായ ചലനത്തെ സ്വയത്തില് ധാരണ ചെയ്തുവെങ്കില് നിങ്ങളുടെ ബുദ്ധി, മനോഭാവന, വാക്ക് സദാ സമ്പൂര്ണ്ണ സ്വച്ഛം എന്ന് പറയാന് സാധിക്കുമോ? അല്പമെങ്കിലും കേടുപാടോ കറയോ ഉണ്ടെങ്കില്, അഴുക്ക് അവശേഷിക്കുന്നുവെങ്കില്, ഡിഫെക്ട് ഉള്ളവരെ ഒരിക്കലും പെര്ഫക്ട് എന്ന് പറയാന് സാധിക്കില്ല, പ്രസന്നചിത്തരായിരിക്കാന് സാധിക്കില്ല. മറ്റാരുടെയെങ്കിലും കുറവുകള് ബുദ്ധിയിലുണ്ടെങ്കില് അവരുടെ മനസ്സ് സദാ പ്രസന്നചിത്തമായിരിക്കില്ല, ബുദ്ധിയില് ധാരണ ചെയ്തിട്ടുള്ള കാര്യങ്ങള് തീര്ച്ചയായും വാക്കുകളില് വരും, ഒരാളുടെ മുന്നില് വര്ണ്ണിച്ചാലും ശരി, അമനേകം പേരുടെ മുന്നില് വര്ണ്ണിച്ചാലും ശരി. എന്നാല് കര്മ്മത്തിന്റെ ഗതിയുടെ ഗുഹ്യമായ രഹസ്യം സദാ മുന്നില് വയ്ക്കൂ. മറ്റൊരാളുടെ തെറ്റായ കാര്യം അഥവാ കുറവുകളെ ബുദ്ധിയില് വയ്ക്കുന്നതിനോടൊപ്പം വര്ണ്ണിക്കുകയും ചെയ്യുന്നു, അപ്പോള് ആ വ്യര്ത്ഥമായ വര്ണ്ണനം അങ്ങനെയാണ്- താഴികക്കുടത്തിലെ ശബ്ദത്തിന് സമാനം, തന്റെ തന്നെ ശബ്ദം വലിയ രൂപത്തില് പരിവര്ത്തനപ്പെട്ട് തന്റെയടുക്കലേക്ക് തന്നെ വരുന്നു. താഴികക്കുടത്തില് ശബ്ദിച്ച് കേട്ടിട്ടുണ്ടോ? അതിനാല് ആരുടെയെങ്കിലും കുറവുകളെ കാണുക, തെറ്റിനെ തെറ്റായി പ്രസരിപ്പിക്കുന്നതിന്റെ സംസ്കാരം, ഏതൊന്നിനെയാണോ നിങ്ങള് സംസ്കാരം എന്ന് പറയുന്നത്, ഇന്ന് നിങ്ങള് മറ്റുള്ളവരുടെ ഗ്ലാനി ചെയ്യുന്നു, സ്വയത്തെ വലിയ വിവേകശാലി, തെറ്റില് നിന്നും ദൂരെയെന്ന് മനസ്സിലാക്കി വര്ണ്ണിക്കുന്നു, പക്ഷെ ഇത് പക്കാ നിയമമാണ് അഥവാ കര്മ്മത്തിന്റെ ഫിലോസഫിയാണ്- ഇന്ന് നിങ്ങള് മറ്റൊരാളുടെ ഗ്ലാനി ചെയ്തു, നാളെ വേറെയൊരാണ് ഇരട്ടിയായി നിങ്ങളുടെ ഗ്ലാനി ചെയ്യും കാരണം ഈ തെറ്റായ കാര്യങ്ങള് രോഗാണുക്കള് വ്യാപിക്കുന്നത് പോലെ അത്രയും തീവ്ര ഗതിയിലാണ് ഇതും വ്യാപിക്കുന്നത്, ഈ അണുക്കള് വ്യാപിച്ച് ഗ്ലാനി ചെയ്തവരുടെയടുത്തെത്തുന്നു. നിങ്ങള് ഒരു ഗ്ലാനിയാണ് ചെയ്തിട്ടുണ്ടാകുക, അവര് നിങ്ങളുടെ തെറ്റിനെ തെളിയിക്കുന്നതിനായി 10 ഗ്ലാനി ചെയ്യും. അപ്പോള് റിസള്ട്ട് എന്തായി? കര്മ്മത്തിന്റെ ഗതിയെന്തായി? തിരിച്ച് എവിടെ വന്നു? നിങ്ങള്ക്ക് ആ ആത്മാവിനെ ശരിയാക്കണം എന്ന ശുഭ ഭാവനയുണ്ടെങ്കില് തെറ്റായ കാര്യം ശുഭ ഭാവനയുടെ സ്വരൂപത്തില് വിശേഷിച്ച് നിമിത്തമായ സ്ഥാനത്ത് നല്കാന് സാധിക്കും, വ്യാപിപ്പിക്കുന്നത് തെറ്റാണ്. ചിലര് പറയുന്നു- ഞാന് ആരോടും പറഞ്ഞിട്ടില്ല, പക്ഷെ ഇന്നവര് പറഞ്ഞു കൊണ്ടിരിക്കുകയായിരുന്നു, ഞാനും ഇരുന്ന് കേട്ടെന്നേയുള്ളൂ, ഒന്നും പറഞ്ഞില്ല. നിങ്ങളുടെ ഭക്തി മാര്ഗ്ഗത്തിലെ ശാസ്ത്രങ്ങളിലും വര്ണ്ണിച്ചിട്ടുണ്ട്- തെറ്റ് ചെയ്തില്ല എന്നാല് കണ്ടു, അതിന് കൂട്ടും നല്കിയെങ്കില് അതും പാപമാണ്. അതെ, അതെ എന്ന് പറഞ്ഞിരുന്ന് കേള്ക്കുക ഇതും കര്മ്മത്തിന്റെ ഗതിക്കനുസരിച്ച് പാപത്തില് പങ്കാളിയാകുക.

വര്ത്തമാന സമയത്ത് കര്മ്മത്തിന്റെ ഗതിയുടെ ജ്ഞാനത്തില് വളരെ ഈസിയായി. പക്ഷെ ഈ ചെറിയ ചെറിയ സൂക്ഷ്മ പാപം ശ്രേഷ്ഠവും സമ്പൂര്ണ്ണവുമായ സ്ഥിതിയില് വിഘ്ന രൂപമായി മാറുന്നു. ഈസിയാകുന്നതിന്റെ ലക്ഷണങ്ങള് എന്തെല്ലാം? അവര് സദാ ചിന്തിക്കുന്നതും മനസ്സിലാക്കുന്നതും ഇങ്ങനെയായിരിക്കും- ഇതൊക്കെ മറ്റുള്ളവരും ചെയ്യുന്നുണ്ട്, ഇതൊക്കെ ഇന്നത്തെ കാലത്ത് ഇങ്ങനെയൊക്കെ നടക്കും. അല്ലെങ്കില് സ്വയത്തെ ഭാരരഹിതമാക്കുന്നതിന് പറയും- ഞാന് തമാശയായി പറഞ്ഞതാണ്, എന്റെ ഉദ്ദേശം അങ്ങനെയായിരുന്നില്ല, അറിയാതെ പറഞ്ഞതാണ്. ഈ വിധി സമ്പൂര്ണ്ണ സിദ്ധി പ്രാപ്തമാകുന്നതില് സൂക്ഷമ വിഘ്നമായി മാറുന്നു അതിനാല് ജ്ഞാനം വളരെയധികം ലഭിച്ചു, രചയിതാവിന്റെയും രചനയെ കുറിച്ചുമുള്ള ജ്ഞാനം കേള്ക്കാനും, വര്ണ്ണിക്കാനും വളരെ സ്പഷ്ടമായി. എന്നാല് കര്മ്മത്തിന്റെ ഗുഹ്യ ഗതിയെ കുറിച്ചുള്ള ജ്ഞാനം ബുദ്ധിയില് സദാ സ്പ്ഷ്ടമായിട്ടില്ല, അതിനാല് ഈസിയായി മാറുന്നു. ചില കുട്ടികള്ക്ക് സ്വയത്തെ പ്രതിയും പരാതിയുണ്ടാകുന്നു- ഏതു പോലെ ബാബ പറയുന്നു, ബാബ കുട്ടികളില് വയ്ക്കുന്ന ശ്രേഷ്ഠമായ ആശ, എന്ത് ആഗ്രഹിക്കുന്നുവൊ, എത്ര ആഗ്രഹിക്കുന്നുവൊ അത്രയും ഉണ്ടാകുന്നില്ല. ഇതിന്റെ കാരണമെന്താണ്? ഈ അതി സൂക്ഷ്മമായ വ്യര്ത്ഥമായ കര്മ്മം ബുദ്ധിയെ, മനസ്സിനെ ഉയര്ന്ന അനുഭവം ചെയ്യാന് അനുവദിക്കുന്നില്ല. യോഗം ചെയ്യാനിരിക്കുന്നു എന്നാല് കൂടുതല് സമയവും യുദ്ധത്തില് പോകുന്നു, വ്യര്ത്ഥത്തെയില്ലാതാക്കി സമര്ത്ഥമാകുന്നതില് സമയം പോകുന്നു അതിനാല് എന്ത് ചെയ്യണം? എത്രത്തോളം ഉയര്ന്നതായി മാറുന്നുവൊ, ഉയരത്തിലെത്തുന്തോറും ശ്രദ്ധയും ഉയര്ന്നത് വയ്ക്കണം.

ബ്രാഹ്മണ ജീവിതത്തിന്റെ ആനന്ദത്തിലിരിക്കണം. ആനന്ദത്തിലിരിക്കുന്നതിന്റെ അര്ത്ഥം തോന്നിയത് പൊലെ ചെയ്തു, മുഴുകിയിരുന്നു എന്നല്ല. ഈ അല്പക്കാലത്തെ സുഖത്തിന്റെ ആനന്ദം അഥവാ അല്പക്കാലത്തെ സംബന്ധ സമ്പര്ക്കത്തിന്റെ ആനന്ദം സദാക്കാലത്തെ പ്രസന്നചിത്ത സ്ഥിതിയില് നിന്നും വ്യത്യസ്ഥമാണ്. ഇതിനെ

ആനന്ദം എന്ന് മനസ്സിലാക്കരുത്. തോന്നിയത് പോലെ സംസാരിച്ചു, തോന്നിയത് പോലെ ചെയ്തു, ഞാന് ആനന്ദത്തിലാണ് ഇരിക്കുന്നത്. അല്പക്കാലത്തെ ആനന്ദം അനുഭവിക്കുന്നവരാകാതിരിക്കൂ. സദാക്കാലത്തെ ആത്മീയ ആനന്ദത്തിലിരിക്കൂ. ഇത് തന്നെയാണ് യഥാര്ത്ഥമായ ബ്രാഹ്മണ ജീവിതം. ആനന്ദത്തിലുമിരിക്കൂ, കര്മ്മത്തിന്റെ ഗുഹ്യ ഗതിയുടെ ജ്ഞാനമുള്ളവരുമാകൂ. അപ്പോഴേ എന്ത് ആഗ്രഹിക്കുന്നുവൊ, എങ്ങനെ ആഗ്രഹിക്കുന്നുവൊ അതുപോലെ ആ അനുഭവം ചെയ്യാന് സാധിക്കുകയുള്ളൂ. മനസ്സിലായോ? കര്മ്മത്തിന്റെ ഗുഹ്യ ഗതിയെ കുറിച്ച് അറിവുള്ളവരാകൂ. ഖജനാക്കളുടെ ശേഖരണത്തിന്റെ റിസള്ട്ട് പിന്നീട് കേള്പ്പിക്കാം. ശരി.

നാല് ഭാഗത്തുമുള്ള ചിന്തയില് നിന്നും മുക്തമായ നിശ്ചിന്ത ചക്രവര്ത്തിമാരായ ആത്മാക്കള്ക്ക്, സദാ പ്രസന്നചിത്തരായ വിശേഷ ആത്മാക്കള്ക്ക്, സദാ സ്വയത്തെ പ്രതിയും സര്വ്വ ആത്മാക്കളെ പ്രതിയും ശ്രേഷ്ഠ പരിവര്ത്തനത്തിന്റെ ശക്തിയെ കര്മ്മത്തില് കൊണ്ടു വരുന്ന കര്മ്മയോഗി ആത്മാക്കള്ക്ക്, സദാ രചയിതാവിനെയും രചനയെ കുറിച്ചും അറിയുന്ന, കര്മ്മാ ഫിലോസഫിയെ കുറിച്ചുമറിയുന്ന ആത്മാക്കള്ക്ക്- അങ്ങനെ ജ്ഞാന സ്വരൂപരായ ആത്മാക്കള്ക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്ക്കാരവും.

ദാദിമാരുമായുള്ള മിലനം- വര്ത്തമാന സമയം ഏത് കാര്യത്തിന്റെ ആവശ്യമാണുള്ളത്? കര്മ്മത്തിന്റെ ഗുഹ്യ ഗതിയെ കുറിച്ചുള്ള ജ്ഞാനം മെര്ജ്ജായി, അതിനാല് അലസതയുണ്ട്. പുരുഷാര്ത്ഥിയുമാണ് എന്നാല് പുരുഷാര്ത്ഥത്തില് അലസത ഉണ്ടാകുന്നു അതിനാല് ഇപ്പോള് ഇതിന്റെ ആവശ്യമാണുള്ളത്. ബാപ്ദാദ സര്വ്വരുടെയും റിസള്ട്ട് കാണുന്നു. നടന്നു കൊണ്ടിരിക്കുന്നത് വളരെ നല്ലതിനാണ്. എന്നാല് ഇപ്പോള് നല്ലതിലും വച്ച് നല്ലതാകുക തന്നെ വേണം. ബിസിയായിരിക്കേണ്ടി വരുന്നില്ലേ. കൂടുതല് സമയം എന്തില് ബിസിയാകേണ്ടി വരുന്നു? ഏത് കാര്യത്തിന് കൂടുതല് സമയം നല്കേണ്ടി വരുന്നു? നിങ്ങളുടെ സ്ഥിതി സ്നേഹി നിര്മ്മോഹിയാകട്ടെ എന്നാലും സമയം നല്കേണ്ടി വരുന്നുണ്ടല്ലോ. അതിനാല് ഈ സമയത്ത് തന്നെ പവര്ഫുള് ശക്തിശാലി ലൈറ്റ് ഹൗസ്, മൈറ്റ് ഹൗസായി പ്രകമ്പനങ്ങള് വ്യാപിപ്പിക്കുകയാണെങ്കില് എന്ത് സംഭവിക്കും? സംഘടിത രൂപത്തിലും ഇതേ അന്തരീക്ഷമാകണം, മറ്റൊരു കാര്യമില്ലായെങ്കില് വൈബ്രേഷന്സ് വിശ്വത്തില് അഥവാ പ്രകൃതി വരെ എത്തുമോ? ഇപ്പോള് സര്വ്വരും കാത്തിരിക്കുന്നു- എപ്പോഴാണ് നമ്മുടെ രചയിതാവ് അഥവാ മാസ്റ്റര് രചയിതാവ് സമ്പന്നം അഥവാ സമ്പൂര്ണ്ണമായി ഞങ്ങളെ കൊണ്ട് തന്റെ സ്വാഗതം ചെയ്യിക്കുന്നത്. പ്രകൃതിയും സ്വാഗതം ചെയ്യുമല്ലോ. സഫലതയുടെ മാലയിലൂടെ സ്വാഗതം ചെയ്യിക്കുന്ന ദിനം വരിക തന്നെ ചെയ്യും. സഫലതയുടെ വാദ്യം മുഴങ്ങുമ്പോള് പ്രത്യക്ഷതയുടെയും വാദ്യം മുഴങ്ങും. മുഴങ്ങുക തന്നെ വേണമല്ലോ. ശരി.

ദാദി ചന്ദ്രമണിജി സേവനത്തിനായി പോകുന്നതിന് അനുവാദം നേടി കൊണ്ടിരിക്കുന്നു.

ആള്റൗണ്ടാകുക തന്നെയാണ് ശ്രേഷ്ഠമായ സേവനം. നല്ലതാണ്, കറങ്ങി കൊണ്ടിരിക്കൂ. കറങ്ങുന്നതിനുള്ള പാര്ട്ട് കുട്ടികളുടേത് തന്നെയാണ്. ബാബയ്ക്ക് അവ്യക്ത രൂപത്തില് കറങ്ങാന് സാധിക്കും. സാകാര രൂപത്തില് കറങ്ങുന്നതിനുള്ള പാര്ട്ട് ബാബയ്ക്കില്ല, കുട്ടികള്ക്കായിരുന്നു ആ പാര്ട്ട് ഉണ്ടായിരുന്നത്. ശരി!

അവ്യക്ത ബാപ്ദാദായുടെ വ്യക്തിപരമായ മിലനം- വിജയ മാലയില് വരുന്നതിന് തീവ്ര പുരുഷാര്ത്ഥിയാകൂ.

സദാ തീവ്ര പുരുഷാര്ത്ഥി ആത്മാക്കളാണ് എന്ന അനുഭവം ചെയ്യുന്നുണ്ടോ? ബ്രാഹ്മണനായിയെങ്കില് പുരുഷാര്ത്ഥി തന്നെയാണ്. തീവ്ര പുരുഷാര്ത്ഥിയാണോ അതോ കേവലം പുരുഷാര്ത്ഥിയാണോ? കേള്ക്കുന്നവരെയും കേള്പ്പിക്കുന്നവരെയും പുരുഷാര്ത്ഥിയെന്ന് പറയുമോ അതോ തീവ്ര പുരുഷാര്ത്ഥിയെന്ന് പറയുമോ? മാലയിലെ 16108-ാമത്തെ നമ്പറിലുള്ള ആത്മാവും കേള്ക്കുന്നുമുണ്ട് കേള്പ്പിക്കുന്നുമുണ്ട്. ഇല്ലായെങ്കില് മാലയില് എങ്ങനെ വരും! പക്ഷെ 108ന്റെ മാലയില് ആര് വരും? 108ന്റെ മാലയുടെ പേരാണ് വിജയ മാല. 16000ന്റെ മാലയുടെ പേര് വിജയമാല എന്നല്ല. അതിനാല്കേള്ക്കുക, കേള്പ്പിക്കുക, ഇത് ഭൂരിപക്ഷം പേരും ചെയ്യുന്നുണ്ട്. എന്നാല് കേട്ടു, ആയി- ഇതിനെയാണ് തീവ്ര പുരുഷാര്ത്ഥിയെന്ന് പറയുന്നത്. തീവ്ര പുരുഷാര്ത്ഥി 108ആണ്, പുരുഷാര്ത്ഥികള് 16108. അതിനാല് സ്വയത്തെ ചെക്ക് ചെയ്യൂ- തീവ്ര പുരുഷാര്ത്ഥിയാണോ അതോ പുരുഷാര്ത്ഥിയാണോ? ആര് ഏതു പോലെയാണോ അത് സ്വയം നമ്മുക്ക് അറിയാന് സാധിക്കും. കുറച്ച് പേരുണ്ട്- സ്വയത്തെ മനസ്സിലാക്കുന്നില്ല, തെറ്റിനെ ശരിയെന്ന് മനസ്സിലാക്കി മുന്നോട്ട് പോകുന്നു. ഭൂരിപക്ഷം പേരും തന്റെ മനസ്സില് സ്വയം സത്യം മനസ്സിലാക്കുന്നുണ്ട്- ഞാന് ആരാണ് എന്ന്.

അതിനാല് സദാ സ്വയത്തെ നോക്കൂ, മറ്റുള്ളവരെ നോക്കരുത്.

തന്റെ പുരുഷാര്ത്ഥത്തെ ചെക്ക് ചെയ്യൂ, തീവ്ര പുരുഷാര്ത്ഥത്തിലേക്ക് പരിവര്ത്തനപ്പെടുത്തൂ. ഇല്ലായെങ്കില് അന്തിമ സമയത്ത് പരിവര്ത്തനപ്പെടുത്താന് സാധിക്കില്ല. ആ സമയത്ത് പഠിത്തത്തിന്റെ സമയം സമാപ്തമാകുന്നതിനാല്, പരീക്ഷാ സമയത്ത് പഠിക്കാനുള്ള അവസരം ലഭിക്കില്ല. ഒരു ചോദ്യത്തിന്റെ ഉത്തരം അറിയില്ല, പുസ്തകം നോക്കി പഠിച്ച് ഉത്തരം നല്കാം എന്ന് വിദ്യാര്ത്ഥി മനസ്സിലാക്കുകയാണെങ്കല് അത് ശരിയാണോ തെറ്റാണോ? അതിനാല് ആ സമയത്ത് സ്വയത്തെ പരിവര്ത്തനപ്പെടുത്താന് സാധിക്കില്ല. എന്താണോ എങ്ങനെയാണോ അതേപോലെ തന്നെ പ്രാപ്തി ലഭിക്കും. എന്നാല് ഇപ്പോള് അവസരമുണ്ട്. ഇപ്പോള് ടൂ ലേറ്റ് ബോര്ഡ് വച്ചിട്ടില്ല, ലേറ്റ് ബോര്ഡ് വച്ചു. ലേറ്റായി എന്നാല് ടൂ ലേറ്റായിട്ടില്ല അതിനാല് ഇനിയും അവസരമുണ്ട്. ചില വിദ്യാര്ത്ഥികള് 6 മാസത്തിനുള്ളില് ബഹുമതിയോടെ പാസാകുന്നുണ്ട്, ശരിയായ പുരുഷാര്ത്ഥം ചെയ്യുന്നതിനാല്. എന്നാല് സമയം സമാപ്തമായാല് പിന്നെ ഒന്നും ചെയ്യാന് സാധിക്കില്ല. ബാബയും ദയ കാണിക്കാന് ആഗ്രഹിച്ചാല് പോലും ചെയ്യാന് സാധിക്കില്ല. ശരി, സാരമില്ല, ഇവര്ക്ക് മാര്ക്ക് നല്കാം- ഇത് ബാബയ്ക്ക് ചെയ്യാന് സാധിക്കുമോ? അതിനാല് ഇപ്പോള് മുതലേ ചെക്ക് ചെയ്യൂ, പരിവര്ത്തനം ചെയ്യൂ.

അലസതയെ ഉപേക്ഷിക്കൂ. ശരിയാണ്, നടന്നു കൊണ്ടിരക്കുന്നു, എത്തി ചേരും- ഇത് അലസതയാണ്. അലസര്ക്ക് ഈ സമയത്ത് ആനന്ദം അനുഭവപ്പെടുന്നു. അലസതയുള്ളവര്ക്ക് യാതൊരു പ്രകാരത്തിലുമുള്ള ചിന്തയുണ്ടായിരിക്കില്ല, അവര് വിശ്രമത്തെയാണ് സര്വ്വതും എന്ന് മനസ്സിലാക്കുന്നത്. അതിനാല്അലസരാകരുത്. സദാ അലര്ട്ട്! പാണ്ഡവ സൈന്യമല്ലേ. സൈന്യത്തിലുള്ളവര് അലസരായിട്ടിരിക്കുമോ അതോ അലര്ട്ടായിട്ടിരിക്കുമോ? സൈന്യം അര്ത്ഥം അലര്ട്ട്, ശ്രദ്ധയോടെയിരിക്കുന്നവര്. അലസരായിരിക്കുന്നവരെ സൈന്യത്തിലെ സൈനികരെന്ന് പറയില്ല. അതിനാല് അലസത പാടില്ല, ശ്രദ്ധ. എന്നാല് ശ്രദ്ധയും നാച്ചുറല് വിധിയാകണം. ചിലര് അറ്റന്ഷന്റെയും ടെന്ഷന് വയ്ക്കുന്നുണ്ട്. ടെന്ഷന്റെ ജീവിതം സദാ ഉണ്ടായിരിക്കില്ല. ടെന്ഷന്റെ ജീവിതം കുറച്ച് സമയം ഉണ്ടാകും, നാച്ചുറലായി ഉണ്ടായിരിക്കില്ല. അതിനാല് അറ്റന്ഷന് വയ്ക്കണം എന്നാല് നാച്ചുറല് അറ്റന്ഷന് ശീലമാകണം. ഏതു പോലെ വിസ്മൃതിയുടെ ശീലമായിരുന്നില്ലേ. ആഗ്രഹിക്കുന്നില്ലായെങ്കിലും സംഭവിക്കുമായിരുന്നു. അപ്പോള് ഈ ശീലം ഉണ്ടായില്ലേ, നാച്ചുറല്ലായില്ലേ. അതേപോലെ സ്മൃതി സ്വരൂപരാകുന്നതിന്റെയും ശീലം ഉണ്ടാകണം, ശ്രദ്ധയുടെ ശീലം ഉണ്ടാകണം അതിനാലാണ് പറയുന്നത് - ശീലം മനുഷ്യനെ ഗത്യന്തരമില്ലാത്തതാക്കി മാറ്റുന്നു. ആഗ്രഹിക്കുന്നില്ലായെങ്കിലും സംഭവിക്കുന്നു, ഇതിനെയാണ് പറയുന്നത് ഗത്യന്തരമില്ലാതെ എന്ന്. അങ്ങനെയുള്ള തീവ്ര പുരുഷാര്ത്ഥികളായോ? തീവ്ര പുരുഷാര്ത്ഥി അര്ത്ഥം വിജയി. എങ്കിലേ മാലയില് വരാന് സാധിക്കുകയുള്ളൂ.

വളരെക്കാലത്തെ അഭ്യാസം ഉണ്ടായിരിക്കണം. സദാ അലര്ട്ട് അര്ത്ഥം സദാ എവര്റെഡി! വിനാശ സമയം വരെയുണ്ടാകുമോ അതോ നേരത്തെ തന്നെ പോകുമോയെന്ന് നിങ്ങള്ക്ക് എന്ത് നിശ്ചയമുണ്ട്? നേരത്തേയും പോകാമല്ലോ അതിനാല് എവര്റെഡി. വിനാശം നിങ്ങളെ കാത്തിരിക്കണം, നിങ്ങള് വിനാശത്തെ കാത്തിരിക്കാതിരിക്കൂ. അത് രചനയാണ്, നിങ്ങള് രചയിതാവാണ്. സദാ എവര്റെഡി. എന്ത് മനസ്സിലാക്കി? അറ്റന്ഷന് വയ്ക്കണം. എന്തെല്ലാം കുറവുകളുണ്ടോ അതിനെ പെട്ടെന്ന് തന്നെ സമാപ്തമാക്കൂ. സമ്പന്നമാകുക അര്ത്ഥം കുറവുകളെ സമാപ്തമാക്കുക. അല്ലാതെ ഇവിടെ വന്നാല് ഇവിടത്തെ പോലെ, അവിടെ പോയാല് അവിടത്തെ പോലെ- ഇങ്ങനെയാകരുത്. സര്വ്വരും തീവ്ര പുരുഷാര്ത്ഥികലായി പോകണം. ശരി.

വരദാനം :- വിശ്വത്തില് നിന്നും അന്ധകാരത്തെയില്ലാതാക്കി പ്രകാശം നല്കുന്ന മാസ്റ്റര് ജ്ഞാന സൂര്യനായി ഭവിക്കട്ടെ.

വിശ്വത്തില് നിന്നും അന്ധകാരത്തെയില്ലാതാക്കി പ്രകാശം നല്കുന്നവരെയാണ് മാസ്റ്റര് ജ്ഞാന സൂര്യന് എന്ന് പറയുന്നത്. അവര് സ്വയവും പ്രകാശ സ്വരൂപം, ലൈറ്റ് മൈറ്റ് രൂപമാണ്, മറ്റുള്ളവര്ക്കും ലൈറ്റും മൈറ്റും നല്കുന്നവരാണ്. സദാ പ്രകാശമുള്ളയിടത്ത് അന്ധകാരത്തിന്റെ ചോദ്യമേയില്ല, അന്ധകാരം ഉണ്ടാകുകയേയില്ല. വിശ്വത്തിന് പ്രകാശം നല്കുന്നവര്ക്ക് സ്വയം അന്ധകാരത്തിലിരിക്കാന് സാധിക്കില്ല. സമ്പൂര്ണ്ണ പവിത്രത അര്ത്ഥം പ്രകാശം. അവരുടെയടുത്ത് അന്ധകാരം അര്ത്ഥം വികാരങ്ങളുടെ അംശത്തിന് പോലും വസിക്കാന് സാധിക്കില്ല.

സ്ലോഗന് :- സ്വഭാവം, സംസ്കാരം, സംബന്ധ സമ്പര്ക്കം- ഇവയില് ലൈറ്റായിട്ടിരിക്കുക തന്നെയാണ് സര്വ്വരോടും ചേര്ന്ന് പോകുക.